**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 94** **04-10-2021 - ൽ മറുപടിയ്ക്ക്**

**പോലീസ് മാനുവൽ/പോലീസ് സ്റ്റാൻഡിംഗ് ഓർഡേഴ്സിന്റെ ലംഘനങ്ങൾ തടയുവാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എം.കെ . മുനീർ | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | കേരളത്തിൽ നിന്നുള്ള ഒരു രാജ്യസഭാംഗം തൃശ്ശൂരിൽ വച്ച് ഒല്ലൂർ എസ്.ഐ.യെ കൊണ്ട് കഴിഞ്ഞദിവസം കേരള പോലീസ് മാനുവലിന് വിരുദ്ധമായി നിർബന്ധിച്ച് സല്യൂട്ട് ചെയ്യിപ്പിച്ചത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട് |
| (ബി) | കേരള പോലീസ് നടപടി ക്രമങ്ങൾ നോട്ടിഫൈഡ് റൂൾ ആകയാൽ അത് ലംഘിച്ച് സല്യൂട്ട് ചെയ്ത ഒല്ലൂർ എസ്.ഐ.ക്കെതിരെ നടപടി സ്വീകരിക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോയെന്ന് അറിയിക്കാമോ; | (ബി) | നിലവിൽ തീരുമാനമെടുത്തിട്ടില്ല. |
| (സി) | സെക്രട്ടറിയേറ്റിലെ ജി.എ.ഡി. വിഭാഗത്തിലെ ഫയലുകൾ തീപിടിച്ച് നശിച്ച കേസ് തിരുവനന്തപുരം കന്റോൺമെന്റ് പോലീസ് സ്റ്റേഷനിൽ കേരള പോലീസ് മാന്വലിലെ വകുപ്പ് പ്രകാരം രജിസ്റ്റർ ചെയ്ത് അന്വേഷിച്ചത് പോലെ പ്രസ്തുത മാന്വലിലെ സല്യൂട്ട് സംബന്ധിച്ചുള്ള വകുപ്പിന്റെ ലംഘനം ബോധപൂർവ്വം നടത്തിയതിന് പ്രസ്തുത എം.പി.ക്കെതിരെ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തുവാൻ സർക്കാരിന് ഉദ്ദേശമുണ്ടോ; | (സി) | നിലവിൽ തീരുമാനമെടുത്തിട്ടില്ല. |
| (ഡി) | നോട്ടിഫൈഡ് റൂൾ ആയ പോലീസ് മാനുവൽ/ പോലീസ് സ്റ്റാൻഡിംഗ് ഓർഡേഴ്സിന്റെ ലംഘനങ്ങൾ തടയുവാൻ സർക്കാർ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്? | (ഡി) | ആഭ്യന്തര അഡീഷണൽ ചീഫ് സെക്രട്ടറി പരിശോധിച്ച് ഉചിതമായ നിർദ്ദേശങ്ങൾ പോലീസ് മേധാവി മുഖേന നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ